**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **13-09-2023 - ൽ മറുപടിയ്ക്ക്**

**യുവതി യുവാക്കളുടെ വർദ്ധിച്ചു വരുന്ന ആത്മഹത്യാ പ്രവണത**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. മാത്യു കുഴൽനാടൻ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>2018 വർഷം മുതൽ സംസ്ഥാനത്ത് 30 വയസ്സിൽ താഴെ പ്രായമുള്ള എത്ര യുവതീയുവാക്കൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നുള്ള വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;</td><td>(എ)</td><td>2018 വർഷം മുതൽ സംസ്ഥാനത്ത് 30 വയസ്സിൽ താഴെ പ്രായമുള്ള 6244 യുവാക്കളും 2471 യുവതികളും ആത്മഹത്യ ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td></td><td colspan="2">18-നും 30 വയസ്സിനും ഇടയിൽ ആത്മഹത്യ ചെയ്തവർ</td></tr>
<tr><td>വർഷം</td><td>പുരുഷന്മാർ</td><td>സ്ത്രീകൾ</td></tr>
<tr><td>2018</td><td>984</td><td>448</td></tr>
<tr><td>2019</td><td>983</td><td>423</td></tr>
<tr><td>2020</td><td>1020</td><td>436</td></tr>
<tr><td>2021</td><td>1238</td><td>462</td></tr>
<tr><td>2022</td><td>1244</td><td>431</td></tr>
<tr><td>2023<br>(23.08.2023 വരെ)</td><td>775</td><td>271</td></tr>
<tr><td>ആകെ</td><td>6244</td><td>2471</td></tr>
</table></td></tr>
<tr><td>(ബി)</td><td>നിസാര കാരണങ്ങൾ കണ്ടെത്തി ആത്മഹത്യ ചെയ്യുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(ബി)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
<tr><td>(സി)</td><td>പ്രസ്തുത വിഷയത്തിൽ കൗൺസിലിംഗ് പോലെയുള്ള നടപടികൾ കൂടുതൽ വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;</td><td>(സി)</td><td>ആത്മഹത്യാ പ്രവണത നിയന്ത്രിക്കുന്ന തിനായി ജില്ലകളിൽ വനിതാ സെല്ലിനോട് ചേർന്ന് Integrated Child Development Services (ICDS) സെന്ററുകളിൽ കൗൺസിലിംഗ് നൽകി വരുന്നുണ്ട്. കുട്ടികൾക്കായി ചിൽഡ്രൻസ് & പോലീസ് പ്രോജക്ട് പ്രകാരം മന:ശാസ്ത്രജ്ഞരുടെ പാനൽ രൂപീകരിച്ച് മാനസിക സമ്മർദ്ദം അനുഭവപ്പെടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് നൽകി വരുന്നുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | വാർഷിക ആത്മഹത്യനിരക്കിൽ കേരളം എത്രാമതാണെന്ന് അറിയിക്കാമോ; ഇക്കാര്യത്തിലുള്ള ദേശീയ ശരാശരി കണക്കുകൾ വ്യക്തമാക്കാമോ? | (ഡി) | നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ വാർഷിക പ്രസിദ്ധീകരണമായ ആക്സിഡന്റൽ ഡെത്ത് & സൂയിസൈഡ് ഇൻ ഇന്ത്യ-യുടെ കണക്കുകൾ പ്രകാരം വാർഷിക ആത്മഹത്യാ നിരക്കിൽ 2018, 2019, 2020, 2021 വർഷങ്ങളിൽ കേരളം അഞ്ചാം സ്ഥാനത്താണ്. ഇതേ കാലയളവിലെ ദേശീയ ശരാശരി യഥാക്രമം 10.2%, 10.4%, 11.3%, 12% ആണ്. |

സെക്ഷൻ ഓഫീസർ